പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1080 13/12/2012 - ൽ മറുപടിയ്ക്ക്

## സർക്കാർ - എയ്ഡഡ് സ്കൂളുകളിലേയ്ക്ക് കുട്ടികളെ ആകർഷിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) ഈ അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് സർക്കാർ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായി കുറവുണ്ടായതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) അടുത്ത അദ്ധ്യയന വർഷത്തിൽ സർക്കാർ - എയ്ഡഡ് മേഖലയിലേയ്ക്ക് കുട്ടികളെ ആകർഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) അടുത്ത അദ്ധ്യയന വർഷത്തിൽ കുട്ടികളെ ആകർഷിക്കുവാനായി സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ, ലാബ്, ലൈബ്രറി എന്നിവയുടെ നവീകരണം, ഐ.ടി. അധിഷ്ഠിതമായ ക്ലാസ്സ് റൂം പ്രവർത്തനം, വിവിധതരം ക്ലബ്ബുകളുടെ പ്രവർത്തനം, കലാകായിക, ശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവർത്തന |

പരിചയ മത്സരവിജയികൾക്കും എൻ.സി.സി.യിൽ പങ്കെടുത്തവർക്കും ഗ്രേസ് മാർക്ക് എന്നിവയും കൂടാതെ പഠനയാത്രകൾ, പഠന പിന്നോക്കാവസ്ഥയുള്ള സ്കൂളുകൾക്ക് പ്രത്യേക പാക്കേജ്, സൗജന്യ പാഠപുസ്തക വിതരണം, പോഷകസമൃദ്ധമായ ഉച്ചഭക്ഷണം എന്നിവയും നടപ്പാക്കിവരുന്നു. പഠനനിലവാരം മെച്ചപ്പെടുത്തുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്.

Sreedevi

സെക്ഷൻ ഓഫീസർ